ഫാത്തിമാ കോ–ഓപ്പറേറീവ് സൊസൈറ്റി

1213 [2182] ശ്രീ. കെ. ജെ. ജോർജ്ജ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കിഴക്കേക്കോട്ടയിലുള്ള ഫാത്തിമാ കോ–ഓപ്പറേറീവ് സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് രാജിവയ്ച്ചു പോകാൻ എന്താണ് കാരണം എന്നു വിശദമാക്കാമോ;

(ബി) ഡയറക്ടർ ബോർഡ് രാജിവച്ചതിനു ശേഷം ഭരണം നടത്തുന്നതിന് എന്തു സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് തിരഞ്ഞെടുപ്പ് നടത്താൻ വൈകുന്നതെന്തുകൊണ്ട്;

(ഡി) ഈ തിരഞ്ഞെടുപ്പു എന്നത്തേയ്ക്ക് നടത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംഘം ഭരണസമിതിയുടെ നിയമാനുസൃതമല്ലാത്ത നടപടികളും, സംഘത്തിലുണ്ടായ ധനാപഹരണം ഇവയെ സംബന്ധിച്ചു സഹകരണ ആക്ട് 65–ാം വകുപ്പുപ്രകാരം അന്വേഷണം നടത്തി 32–ാം വകുപ്പനുസരിച്ച് ഭരണസമിതിയെ നീക്കം ചെയ്യാതിരിക്കാൻ കാരണം ചോദിച്ചുകൊണ്ട് ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകുകയുണ്ടായി. ഈ സാഹചര്യത്തിൽ കാലാവധി തീരുംമുൻപ് ഭരണസമിതി രാജിവയ്ക്കുകയാണുണ്ടായത്.

(ബി) സംഘം അഡ്മിനിസ്ട്രേറ്റർമാരുടെ ഭരണത്തിൻ കീഴിലാണ്.

(സി) മുൻ ഭരണസമിതിയുടെ ക്രമരഹിതമായ നടപടികളും പലതും ഇനിയും ശരിയാക്കാനുള്ളതുകൊണ്ടാണ്. തിരഞ്ഞെടുപ്പു വൈകുന്നത്.

(ഡി) ന്യൂനതകളും കഴിയുന്നത്ര നേരത്തെ പരിഹരിച്ച ശേഷം തിരഞ്ഞെടുപ്പു നടത്തുന്നതാണ്.

ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ

1214 [2183] ശ്രീ. കെ. പി. എ. മജീദ്:
,, പി. എം. അബൂബക്കർ:
,, സി. റ്റി. അഹമ്മദ് അലി:
,, കെ. പി. രാമൻ:
,, കൊരമ്പയിൽ അഹമ്മദ് ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജില്ലാ മൊത്ത വ്യാപാര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏത്;

(സി) ലിക്വിഡേഷൻ സ്റ്റേജിൽ എത്ര സംഘങ്ങളുണ്ട്;

(ഡി) ഇവയുടെ നഷ്ടത്തെപ്പറ്റി ഗവൺമെന്റ് വല്ല പഠനവും നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly